# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 628 28.10.2011-ൽ മറുപടിക്ക്**

## ഭവന നിർമ്മാണ ചെലവുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. എ.റ്റി. ജോർജ്ജ് | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) ഭവന നിർമ്മാണ ചെലവുകൾ ലാഭിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) | അതാത് പ്രദേശങ്ങളിൽ ലഭ്യമാകുന്ന നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചും അനാവശ്യമായ ആർഭാടങ്ങൾ ഒഴിവാക്കിയും ഇതര സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മാണ രീതിയാണ് ഭവന നിർമ്മാണ ചെലവുകൾ ലാഭിക്കുന്നതിന് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം സ്വീകരിച്ചിട്ടുള്ളത്. |
| (ബി) ഇതിനായി 'ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ' സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ടോ ; | (ബി) | 9.9.2009-ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർ.ടി) നമ്പർ 46/2009/ഭവനം പ്രകാരം യശ്ശ:ശരീരനായ പ്രശസ്ത വാസ്തുശിൽപ്പി പത്മശ്രീ. ഡോക്ടർ ലാറിബേക്കറിന്റെ സ്മരണാർത്ഥം ലാറി ബേക്കർ ഇന്റർ-നാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് സ്ഥാപിച്ചിട്ടുണ്ട്. |
| (സി) എവിടെയാണ് പ്രസ്തുത സ്കൂൾ സ്ഥാപിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (സി) | നിലവിൽ തിരുവനന്തപുരത്ത് പി.ടി.പി നഗറിലെ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ആസ്ഥാന മന്ദിരത്തിന്റെ ഒരു ഭാഗത്താണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്.<br><br>പ്രസ്തുത സ്ഥാപനം കൂടുതൽ വിപുലീകരിക്കുന്നതിലേയ്ക്കായി ജി.ഒ.(എം.എസ്സ്) നമ്പർ 519/2010/റവന്യു തീയതി 21.12.2010 എന്ന സർക്കാർ ഉത്തരവു പ്രകാരം |

തിരുവനന്തപുരം താലൂക്കിൽ തിരുവല്ലം വില്ലേജിൽ വാഴമുട്ടത്ത് റീ സർവ്വെ നമ്പർ 613-ൽ ഉൾപ്പെട്ട 6.95 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്. അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സ്കൂളിന്റെ പ്രവർത്തനരീതി വിശദമാക്കാമോ?

(ഡി) ചെലവുകുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യയിൽ പഠനങ്ങളും ഗവേഷണങ്ങളും നടത്തുകയാണ് ഈ സ്കൂളിന്റെ ഉദ്ദേശ്യലക്ഷ്യം. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ഗവേണിംഗ് ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയുമാണ് സ്ഥാപനത്തിന്റെ നയപരമായ കാര്യങ്ങൾ തീരുമാനിക്കുന്നത്.
സ്ഥാപനത്തിന് ഗവേണിംഗ് ബോഡി അംഗീകരിച്ച ഒരു ബൈലോയും പൊതുകാര്യങ്ങളുടെ നടത്തിപ്പിന് ഭവനനിർമ്മാണ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു ആറ് അംഗ അഡ്മിനിസ്ട്രറ്റീവ് കമ്മിറ്റിയും പാഠ്യവിഷയങ്ങളുടെ മേൽ നോട്ടത്തിനായി ഒരു ഓണററി ഡീനും ഉണ്ട്.

സെക്ഷൻ ആഫീസർ